പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2932 — 17.10.2016 ൽ മറുപടിയ്ക്ക്

കെ.എസ്.സി.എസ്.സി. ന്റെ കമലേശ്വരത്തുള്ള റീട്ടെയിൽ ഔട്ട് ലെറ്റ്

| ചോദ്യം<br>ശ്രീ. കെ.എം.ഷാജി | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) തിരുവനന്തപുരത്തെ കെ.എസ്.സി.എസ്.സി. ന്റെ റീട്ടെയിൽ ഔട്ട് ലെറ്റുകളിൽ നിരവധി തവണ പരിശോധന നടത്തിയിട്ടും കമലേശ്വരത്തുള്ള ഒരു ഔട്ട് ലെറ്റിനെ മാത്രം മിന്നൽ പരിശോധനയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയതിന്റെ കാരണം അറിയിക്കുമോ; | (എ) കെ.എസ്.സി. എസ്.സി. ന്റെ ഒരു റീട്ടെയിൽ ഔട്ട് ലെറ്റിനേയും മിന്നൽ പരിശോധനയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. സപ്ലൈകോയുടെ തിരുവനന്തപുരം ഫ്ലയിംഗ് സ്ക്വാഡ് ഓഫീസർ 07.09.2016 ന് കമലേശ്വരം സൂപ്പർ മാർക്കറ്റ് പരിശോധിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഔട്ട് ലെറ്റിനെ പരിശോധനയിൽ നിന്നും ഒഴിവാക്കുന്നതിന് പരിശോധനാ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ക്രമക്കേടുകൾ സംബന്ധിച്ച് നിരവധി പരാതികളുള്ള ഈ സ്ഥാപനത്തെ മാത്രം ഒഴിവാക്കിയതിനെതിരെ എന്തെല്ലാം നടപടികൾ ആർക്കൊക്കെ എതിരെ സ്വീകരിച്ചു; വിശദാംശം നൽകുമോ? | (ബി) പ്രസ്തുത ഔട്ട് ലെറ്റിനെ പരിശോധനയിൽ നിന്ന് ഒഴിവാക്കുവാൻ യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല. പ്രസ്തുത ഔട്ട് ലെറ്റിനെ സംബന്ധിച്ച് പരാതികൾ ഒന്നും നിലവിലില്ല, ആയതിനാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ